ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 17.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ശുചിത്വം പ്രാചീന കാലം മുതൽ ഇന്ത്യൻ സംസ്കാരത്തിൻറെ ഭാഗമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്യും.
   **"Cleanliness has been a part of Indian culture since ancient times," says President Droupadi Murmu. Swachh Survekshan Awards presented by the President.**
2. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച വ്യോമ പ്രതിരോധ സംവിധാനം ആകാശ് പ്രൈമിൻറെ പരീക്ഷണം വിജയകരം.
   **The Indian Army has carried out a successful trials of the indigenously developed Air Defence System "Akash Prime"**
3. വിവര സാങ്കേതിക വിദ്യയെ രാഷ്ട്ര വികസനത്തിനായി ഗുണപരമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി.
   **Union Minister Jayant Chaudhary urges the effective use of information technology for national development.**
4. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
   **Heavy rainfall likely in Kerala, says IMD; Orange alert in four districts today.**
5. 150-ലധികം രാജ്യങ്ങളിൽ ഏകീകൃത താരിഫ് നിരക്ക് ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്.
   **US President Donald Trump announces unified tariff rates across more than 150 countries.**
6. ലാസ് വെഗാസിൽ നടന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ്സ്ലാം ടൂറിൽ , ഇന്ത്യയുടെ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദയ്ക്ക് ജയം.
   **India’s Grandmaster R Praggnanandhaa wins at the Freestyle Chess Grand Slam Tour in Las Vegas.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PREZ - SWACHH SURVEKSHAN (INTRO)

ശുചിത്വം പ്രാചീന കാലം മുതൽ ഇന്ത്യൻ സംസ്കാരത്തിൻറെ ഭാഗമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. രാജ്യത്തെ വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി. വിവിധ വിഭാഗങ്ങളിലായി 78 പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്. മികച്ച ശുചിത്വ പരിപാലനത്തിന് മട്ടന്നൂർ നഗരസഭയ്ക്കും പുരസ്കാരം ലഭിച്ചു. നഗരസഭാ അധികൃതർ ഡൽഹിയിൽ നടന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി.

**(Voice)**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMIT SHAH-JAIPUR VISIT

ജയ്പ്പൂരിൽ നടക്കുന്ന "സഹകാരിത ഏവം റോജ്ഗാർ ഉത്സവ്" ൽ പങ്കെടുക്കാനായി കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് രാജസ്ഥാനിലെത്തും. വിവിധ സർക്കാർ ജോലികളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട എണ്ണായിരം ഉദ്യോഗാർത്ഥികൾക്ക് അദ്ദേഹം നിയമന കത്ത് കൈമാറും. സഹകരണ മേഖലയിലെ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളും ഉദ്ഘാടനം ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GOVT - ALL PARTY MEETING

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AKASH PRIME

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച വ്യോമ പ്രതിരോധ സംവിധാനം ആകാശ് പ്രൈമിൻറെ പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ഇന്ത്യൻ സേന.

കിഴക്കൻ ലഡാക്കിൽ 15,000 അടി ഉയരത്തിലായിരുന്നു പരീക്ഷണം. ഡി ആർ ഡി ഒയുടെ മുതിർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ആർമി എയർ ഡിഫൻസാണ് രണ്ടു ദിവസത്തെ പരീക്ഷണം നടത്തിയത്.

## PM BIHAR WB VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പശ്ചിമ ബംഗാളിലും ബിഹാറിലും സന്ദർശനം നടത്തും. ബീഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. നാല് പുതിയ അമൃത് ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. പശ്ചിമ ബംഗാളിൽ 5000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് ശ്രീ മോദി തറക്കല്ലിടും.

## PM MODI-CABINET

പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന ഉൾപ്പടെയുള്ള കേന്ദ്ര മന്ത്രിസഭ തീരുമാനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധ മാണെന്നും ആ ലക്ഷ്യത്തിലേക്കുള്ള മറ്റൊരു നിർണായക ചുവടു വയ്പ്പാണ് പി.എം ധൻ-ധാന്യ കൃഷി യോജന എന്നും പ്രധാനമന്ത്രി പറഞ്ഞു.

## JAYANTH CHOUDARI

വിവര സാങ്കേതിക വിദ്യയെ രാഷ്ട്ര വികസനത്തിനായി ഗുണപരമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി. ജൻ ശിക്ഷൺ സൻസ്ഥാൻറെ ഭാഗമായി മലപ്പുറം അമൽ കോളേജ് ക്യാംപസിലെ സ്കിൽ സെന്ററിൽ ആരംഭിച്ച നൈപുണ്യ കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാധാരണ ഡിഗ്രി കോഴ്സുകൾക്കൊപ്പം കുട്ടികൾ നൈപുണ്യ വികസനവും പരിശീലിക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

## GEORGE KURIAN

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോട്ടയത്ത് ഉദ്ഘാടനം ചെയ്യു. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NIPAH - PKD (INTRO)

പാലക്കാട് ജില്ലയിൽ മൂന്നാമതൊരാൾക്ക് കൂടി നിപ്പ സംശയിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നിപ്പ ബാധിച്ച് മരിച്ചയാളുടെ രോഗ ലക്ഷണങ്ങളോടെ ചികിത്സയിലുള്ള മകൻറെ സാമ്പിളാണ് തുടർ പരിശോധനയ്ക്കായി അയച്ചിട്ടുള്ളത്..

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്**

(വോയ്സ്)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## INFLUENZA – A

കൊല്ലം ജില്ലയിൽ വിദ്യാർത്ഥികൾക്ക് H1N1 അല്ല ഇൻഫ്ലുവൻസ-A ആണ് സ്ഥിരീകരിച്ചതെന്ന് ജില്ലാ ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി. സീറോ ടൈപ്പിങ്ങ് ടെസ്റ്റിലൂടെയേ H 1N1 സ്ഥിരീകരിക്കാൻ സാധിക്കൂ. രോഗ ബാധിതരായ നാല് കുട്ടികളുടെയും ആരോഗ്യസ്ഥിതി തൃപ്തികരമാണെന്നും ഒരാൾ മാത്രമാണ് ആശുപത്രി ചികിത്സയിലുള്ളതെന്നും ജില്ലാ സർവൈലൻസ് ഓഫീസർ പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAIN – KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മീൻപിടിക്കുന്നതിന് വിലക്കേർപ്പെടുത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**RAIN - KKD (INTRO)**

കോഴിക്കോട് ജില്ലയിൽ രാത്രി മലയോര മേഖലകളിൽ ശക്തമായ മഴ പെയ്യതിനെ തുടർന്ന് മരുതോങ്കര വില്ലേജിൽ 16 കുടുംബങ്ങളിലെ 49 പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു....**
(വോയിസ്....)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**V.SHIVANKUTTY**

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം അതീവ ദുഃഖകരമാണെന്നും അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിചെന്നും മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**TRUMP-UNIFIED TARIFFS**

150-ലധികം രാജ്യങ്ങളിൽ ഏകീകൃത താരിഫ് നിരക്ക് ഏർപ്പെടുത്തു മെന്ന് യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്. പുതിയ നടപടിയുടെ കീഴിൽ വരുന്നവർ പ്രധാന രാഷ്ട്രങ്ങളല്ലെന്നും യുഎസുമായി വലിയ തോതിൽ വ്യാപാരം നടത്താത്ത രാഷ്ട്രങ്ങളാണെന്നും ട്രംപ് അറിയിച്ചു. അതേസമയം, -ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഇടക്കാല വ്യാപാര ത്തിനായുള്ള ചർച്ചകൾ ഉടൻ പൂർത്തിയാകുമെന്നും ജപ്പാനെക്കുറിച്ച്, ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**ALASKA EARTHQUAKE**

അമേരിക്കയിലെ അലാസ്കയിൽ ശക്തമായ ഭൂചലനം. ഇന്ത്യൻ സമയം പുലർച്ചെ രണ്ട് മണിയോടെയാണ് റിക്ടർ സ്കെയിലിൽ 7.3 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം അനുഭവപ്പെട്ടത്. അലാസ്കയിലെ സാൻഡ് പോയിൻറിൽ നിന്ന് 87 കിലോമീറ്റർ അകലെയാണ് ഭൂകമ്പത്തിൻറെ

പ്രഭവകേന്ദ്രം. കാര്യമായ നാശനഷ്ടങ്ങളോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. അതേസമയം പ്രദേശത്ത് സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CHESS

ലാസ് വെഗാസിൽ നടന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ്സ്ലാം ടൂറിൽ, ഇന്ത്യയുടെ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദയ്ക്ക് ജയം. ലോക ഒന്നാം നമ്പർ മാഗ്നസ് കാൾസനെ പ്രഗ്നാനന്ദ തോൽപിച്ചു. ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## DAY BADMINTON - JAPAN OPEN

ജപ്പാൻ ഓപ്പൺ ബാഡ്മിൻറൺ പുരുഷ ഡബിൾസ് പ്രീ-ക്വാർട്ടറിൽ ഇന്ത്യയുടെ ചിരാഗ് ഷെട്ടി- സാത്വിക് സായ്‌രാജ് റാങ്കിറെഡ്ഡി സഖ്യം ചൈനീസ് സഖ്യത്തോട് പരാജയപ്പെട്ടു. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും ജപ്പാൻ താരത്തോട് പരാജയപ്പെട്ടു. വനിതാ സിംഗിൾസിൽ, ഇന്ത്യയുടെ അനുപമ ഉപാധ്യായ ഇന്ന് ചൈനീസ് താരത്തെ നേരിടും.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ASHWINI VAISHNAW

രാജ്യത്തെ പത്ത് ലക്ഷം പേർക്ക് സൗജന്യമായി നിർമിത ബുദ്ധിയിൽ പരിശീലനം നൽകുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ഗ്രാമതല സംരംഭകർക്ക് ഇതിൽ മുൻഗണന നൽകു മെന്നും ഡിജിറ്റൽ ഇന്ത്യയുടെ പത്താം വാർഷികാഘോഷങ്ങളുടെ ഭാഗ മായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ അദ്ദേഹം പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## DHARMENDRA PRADHAN - PKD

ശനിയാഴ്ച നടക്കുന്ന പാലക്കാട് ഐഐടിയുടെ ഏഴാമത് ബിരുദദാന ചടങ്ങിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയാകും. IIT ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ രമേഷ് വെങ്കിടേശ്വരൻ അധ്യക്ഷനാകും. 328 വിദ്യാർഥികൾ ചടങ്ങിൽ ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**MONTH OF RAMAYANA**

ഇന്ന് കർക്കടകം ഒന്ന്. രാമായണ പാരായണത്തിൻ്റയും, നാലമ്പല ദർശനത്തിൻ്റയും ഭക്തി സാന്ദ്രമായ 31 ദിനരാത്രങ്ങൾക്കു കൂടിയാണ് ഇന്ന് തുടക്കമായത്. സംസ്ഥാനത്തുടനീളം നാലമ്പല ദർശനത്തിനുള്ള ചടങ്ങുകൾ പുലർച്ചെ ആരംഭിച്ചു. കർക്കടക വാവുബലി ഈ മാസം 24 നാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**C V PATHMARAJAN**

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ സി. വി. പത്മരാജന്റെ സംസ്കാരം ഇന്ന് വൈകിട്ട് പരവൂരിൽ നടക്കും. ഉച്ചയ്ക്ക് ഒരു മണി വരെ കൊല്ലം അനന്ദവല്ലീശ്വരത്തെ വീട്ടിൽ പൊതുദർശന മുണ്ടാകും. കൊല്ലം അർബൻ സഹകരണ ബാങ്കിലും ഡിസിസി ഓഫിസിലും പൊതുദർശനം ഉണ്ടാകും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**INTERNATIONAL JUSTICE DAY**

ഇന്ന് അന്താരാഷ്ട്ര നീതിന്യായ ദിനം. അന്താരാഷ്ട്ര നീതിന്യായ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും, ഇരകളെ തങ്ങളുടെ അവകാശത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും വേണ്ടി എല്ലാ വർഷവും ജൂലൈ 17 അന്താരാഷ്ട്ര നീതിന്യായ ദിനമായി ആചരിക്കുന്നു. അന്താരാഷ്ട്ര ക്രിമിനൽ ജസ്റ്റിസ് ദിനമെന്നും ഈ ദിനം അറിയപ്പെടുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

**BIHAR FREE ELECTRICITY**

ഓഗസ്റ്റ് ഒന്ന് മുതൽ 125 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി നൽകുമെന്ന് പ്രഖ്യാപിച്ച് ബിഹാർ സർക്കാർ. ജൂലൈ മുതലുള്ള ബില്ലുകളിൽ ഇത് പ്രതിഫലിക്കും. തീരുമാനം ഒരു കോടി 67 ലക്ഷം കുടുംബങ്ങൾക്ക് ഗുണം ചെയ്യുമെന്ന് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ സമൂഹമാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AMARNATH YATHRA

ജമ്മുവിലെയും കശ്മീരിലെയും മോശം കാലാവസ്ഥയെ തുടർന്ന് അമർനാഥ് യാത്ര താത്കാലികമായി നിർത്തിവയ്ച്ചു. ബാൽടൽ, പഹൽഗാം മേഖലയിൽ ശക്തമായ മഴയെ തുടർന്നാണ് യാത്ര ഇന്നത്തേക്ക് നിർത്തിവയ്ച്ചത്.